# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2173** **05/12/2018- ൽ മറുപടിയ്ക്ക്**

**പ്രളയത്തെ തുടർന്ന് ആരോഗ്യമേഖലയിലുണ്ടായ പ്രതിസന്ധികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>,, ആർ.രാജേഷ്<br>,, യു.ആർ.പ്രദീപ്<br>,, കെ.ജെ.മാക്സി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് ആരോഗ്യ മേഖലയിലുണ്ടായ പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പ്രളയത്തിൽ ആശുപത്രി കെട്ടിടങ്ങൾ നശിച്ചും ആശുപത്രി കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചും മരുന്നുകളും ആശുപത്രി ഉപകരണങ്ങളും നശിച്ചും പ്രളയത്തെ തുടർന്ന് ആരോഗ്യ മേഖലയിൽ ഉണ്ടായ പ്രതിസന്ധികൾ ആണ്. |
| (ബി) | പ്രളയം മൂലം ആശുപത്രികൾക്കും ഉപകരണങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിനും തകർന്നുപോയ പശ്ചാത്തല സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മഹാപ്രളയത്തിൽ ആരോഗ്യ മേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള 226 ആരോഗ്യ സ്ഥാപനങ്ങളുടെ പുനർനിർമ്മാണം, നവീകരണം എന്നിവയ്ക്കുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വിവിധ സർക്കാർഅംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് ഏകദേശം 125.71 കോടിയോളം രൂപ ചിലവ് കണക്കാക്കിയിട്ടുണ്ട്.<br>പ്രളയംമൂലം കേടായ ഉപകരണങ്ങൾ നന്നാക്കിയെടുക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മെഡിക്കൽഉപകരണങ്ങളുടെ മെയിന്റനൻസ് കരാർ എടുത്തിരിക്കുന്ന ഏജൻസിയായ മെസേഴ്സ് കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേടുപാടുകൾ പരിഹരിക്കാൻ പറ്റുന്നവ ശരിയാക്കാനും അല്ലാത്തവയ്ക്ക് പകരം പുതിയവ വാങ്ങി നൽകാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചില സന്നദ്ധ സംഘടനകൾ ഉപകരണങ്ങൾ സംഭാവനയായി നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രളയം മൂലം ഉപകരണങ്ങൾ നശിച്ച 60 ആശുപത്രികളിലേയ്ക്ക് ഏകദേശം 4 കോടി രൂപയുടെ ഉപകരണങ്ങൾ സൗജന്യമായി നൽകുമെന്ന് AMERICARES എന്ന കമ്പനി സമ്മതിച്ചിട്ടുണ്ട്. ആയത് സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്.<br>പ്രളയത്തിൽ നാശം സംഭവിച്ച പമ്പ ഗവൺമെന്റ് ആശുപത്രിയുടെ പുനർനിർമ്മാണത്തിനും അതിലെ കേടായ സാധനസാമഗ്രികൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 1,20,00,000/- രൂപ പവർ ഗ്രിഡ് ഇൻഡ്യ ലിമിറ്റഡിൽ നിന്നും സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 07/11/2018 തീയതിയിലെ സ.ഉ.(സാധാ)3378/18/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തെ തുടർന്നുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് കക്കോടി പി.എച്ച്.സി-യുടെ പുനർനിർമ്മാണത്തിനായി അപ്പോളോ ഗ്രൂപ്പ് സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഗ്രൂപ്പുമായിട്ടുള്ള MoU സർക്കാർ ഒപ്പുവച്ചിട്ടുണ്ട്. മേക്കുന്ന്, വള്ളിത്തോട്, വാഴക്കാട്, അയ്യനം എന്നീ പി.എച്ച്.സി-കളിൽ പുനർ നിർമ്മാണത്തിനായി VPS Health Care Group സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഗ്രൂപ്പുമായിട്ടുള്ള MoU സർക്കാർ ഒപ്പു വച്ചിട്ടുണ്ട്. മൻറോ ഐലന്റ്, എല്ലൂർ എന്നീ പി.എച്ച്.സി-കളുടെ പുനർ നിർമ്മാണത്തിനായി National Mineral Development Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം പ്രവൃത്തികൾക്കായി കൂടുതൽ തുക കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | പ്രളയവുമായി ബന്ധപ്പെട്ട് NHM (National Health Mission) മുഖേന 141.61 കോടി രൂപയുടെ പദ്ധതികളാണ് ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നത്. |
| (ഡി) | പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | ആരോഗ്യ പ്രവർത്തകർ വീടുവീടാന്തരവും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി ബോധവത്കരണം നൽകുകയും പകർച്ചവ്യാധി ബാധിതരെ മുൻകൂട്ടി കണ്ടുപിടിച്ച് ആവശ്യമായ ചികിത്സയും പരിചരണവും നൽകുകയും ചെയ്തു. ജനങ്ങളും വിവിധതലങ്ങളിൽ പ്രവർത്തിക്കുന്നവരും പകർച്ച വ്യാധികൾക്കെതിരെ സ്വീകരിക്കേണ്ട നടപടികളുടെ |

| | | | | |
|---|---|---|---|---|
| | | | | മാർഗ്ഗരേഖ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ലഭ്യമാക്കി. മൃഗങ്ങളുടെ മൃതാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചീകരണം, ഈച്ച നിയന്ത്രണം, കൊതുക് നിയന്ത്രണം തുടങ്ങിയവ ശാസ്ത്രീയമായി തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി.<br>ആവശ്യാനുസരണം ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിച്ചും മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കിയും ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ഓ.ആർ.എസ്, സിങ്ക്, ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളികകൾ, വ്യക്തിഗത സുരക്ഷാ ഉപാധികൾ, കൊതുക് നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കി. എലിപ്പനിക്കെതിരെ ഡോക്സി സൈക്ലിൻ പ്രതിരോധ മരുന്ന് ആവശ്യാനുസരണം ലഭ്യമാക്കി.<br>സംസ്ഥാന, ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദുരന്തനിവാരണ സെല്ല് തുറന്നു പ്രവർത്തിച്ചു ഇത്തരം നടപടികളുടെ ഫലമായി പകർച്ച വ്യാധികളെ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു |

സെക്ഷൻ ഓഫീസർ